"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി 2401-00-104-86(01)-36 (NP) ശീർഷകത്തിൽ ശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.127/2026/AGRI തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. 25/04/2025 ലെ സ.ഉ. (സാധാ) നം.400/2025/അഗ്രി
2. 20/06/2025 ലെ സ.ഉ. (സാധാ) നം.618/2025/അഗ്രി
3. 25/08/2025 ലെ സ.ഉ. (എംഎസ്) നം.101/2025
4. 21/10/2025 ലെ സ.ഉ. (സാധാ) നം. 991/2025/അഗ്രി
5. 12/12/2025 ലെ സ.ഉ. (സാധാ) നം. 1190/2025/അഗ്രി
6. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 21/01/2026 തീയതിയിലെ എ-2360/2024/കെ.എസ്.എഫ്.ഡി.ആർ.സി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025 - 26 സാമ്പത്തിക വർഷത്തിൽ 2401-00-104-86(01)-36 (NP) ശീർഷകത്തിൽ ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പരാമർശം 1 മുതൽ 5 വരെ സർക്കാർ ഉത്തരവുകൾ പ്രകാരം ശമ്പളേതര ഇനത്തിലുള്ള ചെലവുകൾക്ക് അഞ്ച് ഗഡുക്കളായി 47.99 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ ശീർഷകത്തിൽ നിലവിൽ തുകയൊന്നും അവശേഷിക്കുന്നില്ലായെന്നും, ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി നിൽക്കുന്ന 5.82 ലക്ഷം രൂപ മാത്രമാണ് സർക്കാർ അനുവദിയ്ക്കുവാനുള്ളതെന്നും പ്രസ്തുത തുക 12/2025 ലെ പെൻഡിംഗ് ചെലവുകൾക്കും 01/26 മുതൽ 03/26 വരെയുള്ള പ്രതീക്ഷിത ചെലവുകൾക്കും അപര്യാപ്തമാണെന്നും, പ്രസ്തുത സാഹചര്യത്തിൽ ശമ്പളേതര ചെലവുകൾക്കായി 2401-00-104-86(01)-36 (NP) ശീർഷകത്തിൽ

അധിക തുകയായി 24,87,500/- രൂപ അനുവദിക്കണമെന്നും; കൂടാതെ, ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി നിൽക്കുന്ന 5.82 ലക്ഷം രൂപ അനുവദിക്കണമെന്നും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേയ്ക്ക് മാറ്റി നൽകണമെന്നും കമ്മീഷൻ സെക്രട്ടറി സൂചന (6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി 2401-00-104-86(01)-36 (NP) ശീർഷകത്തിൽ ശേഷിക്കുന്ന 5.82 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനും കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (04.02.2026-ലെ 3122769/Agri-C1/78/2025-FIN പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 06-02-2026 11:07:41
സെക്ഷൻ ഓഫീസർ